DESPATCHED
31/01/2020

18.1.20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **CP 627(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.7934/SIC-Gen5/2015**

സന്നിഹിതൻ
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. സോമൻ പി.എസ്.,
പാടത്ത് പറമ്പിൽ ഹൗസ്,
പൊയ്യ പി.ഒ.,
തൃശ്ശൂർ – 680 733. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അബൂക്കൻ കൊച്ചുവർക്കി മെമ്മോറിയർ ഹൈസ്ക്കൂൾ
പൊയ്യ, ഇരിങ്ങാലക്കുട,
തൃശ്ശൂർ. } എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 13.4.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 2.5.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 8.5.2015 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 13.5.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.5.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 18.6.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 18.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, തൃശ്ശൂർ. |
| ഹിയറിംഗ് സാന്നിദ്ധ്യം | ഇരുകക്ഷികളും ഹാജരായില്ല.. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. സോമൻ പി.എസ്., കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഇരിങ്ങാലക്കുട എ.കെ.എം.എച്ച്.എസ്.എസ്.എയ്ഡഡ് സ്കൂളിൽ 26.8.2002 മുതൽ യു.പി.എസ്.എ. അദ്ധ്യാപകനായി ജോലി ചെയ്തിരുന്നു എന്നും ടിയാന്റെ നിയമനം 23.9.2006 ൽ അംഗീകരിച്ചിരുന്നു എന്നും ആയതു പ്രകാരം ചില വിവരങ്ങൾ ആവശ്യപ്പെട്ട് അപേക്ഷ നൽകി എന്നും എന്നാൽ ആയതു പ്രകാരം ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയില്ലെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

(i) ശ്രീ. ഷൈനി ചാണ്ടിയുടെ 1.9.2007 മുതൽ 31.8.2012 വരെയുള്ള എൽ.ഡബ്ല്യു.എ വേക്കൻസിയിൽ എൽ.പി.എസ്.എ ആയ റാണി വർഗ്ഗീസിന്റെ നിയമനം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ എന്നും അംഗീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കണം എന്നും

(ii) ഇപ്പോൾ ശ്രീ. ഷൈനി ജോസഫ് ജോലി ചെയ്യുന്ന യു.പി.എസ്.എ വേക്കൻസി സ്ഥിരം വേക്കൻസി ആണോ എന്നും അതോ ലീവ് വേക്കൻസി ആണോ എന്നും ആണെങ്കിൽ അത് ആരുടെ ഒഴിവിൽ ആണെന്നും മറ്റുമായി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. പരാതി ഹർജിക്കാരൻ മേൽപ്പടി വിവരങ്ങൾ തന്നെ ആവശ്യപ്പെട്ട് സമർപ്പിച്ച പരാതി ഹർജി സി. പി. നമ്പർ 935(6)/2015/എസ്.ഐ.സി ആയി ഫയലിൽ സ്വീകരിച്ച് 24.10.2019 തീയതി തീർപ്പാക്കിയിട്ടുള്ളതായി കാണുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 18-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk